പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 600    10/03/2015 -ൽ മറുപടിയ്ക്ക്.

## ഭവന നിർമ്മാണ ബോർഡ് വഴിയുള്ള വായ്പ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ ഭവന നിർമ്മാണ ബോർഡ് വഴി വായ്പ എടുത്ത എത്ര പേരുടെ വായ്പകളാണ് എഴുതിത്തള്ളിയത്; വിശദാംശങ്ങൾ നൽകാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 08/11/2011-ലെ (എം.എസ്) 34/2011/ഭവനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ദുർബല വരുമാന വിഭാഗങ്ങൾക്കായി ഭവന നിർമ്മാണ ബോർഡുവഴി 1996 -ൽ നടപ്പിലാക്കിയ മൈത്രി ഭവന വായ്പ പദ്ധതിയിലെ കുടിശ്ശികക്കാരായി അവശേഷിച്ചിരുന്ന 38384 ഗുണഭോക്താക്കളുടെ കുടിശ്ശിക തുകയായ 137.94 കോടി രൂപ എഴുതിത്തള്ളി ഉത്തരവായിട്ടുണ്ട്.<br>കൂടാതെ താഴ്ന്ന/ഇടത്തര/ഉയർന്ന വരുമാന വിഭാഗങ്ങളിലായി രോഗികളും അശരണരുമായവരുടെ വ്യക്തിഗത വായ്പ ഇനത്തിൽ 58 പേരുടെ വായ്പ കുടിശ്ശിക തുക എഴുതിത്തള്ളി ഉത്തരവായിട്ടുണ്ട്. അതിൽ 48 പേരുടെ വായ്പ കുടിശ്ശിക പൂർണ്ണമായും എഴുതിത്തള്ളുകയും ബാക്കി 10 പേരുടെ വായ്പാ കുടിശ്ശിക ഭാഗികമായുമാണ്. ( അതായത് മുതൽ മാത്രമായും പലിശ, പിഴപ്പലിശ, മുടക്കപലിശ തുടങ്ങിയവയിൽ കിഴിവ് അനുവദിച്ചുകൊണ്ടും) എഴുതിത്തള്ളി ഉത്തരവായിട്ടുണ്ട്. |
| (ബി) | ഭവന നിർമ്മാണ ബോർഡ് വഴി വായ്പ എടുത്ത് സാമ്പത്തിക പ്രയാസവും കുടുംബ സാഹചര്യങ്ങളും മൂലം കുടിശ്ശികയായി ജപ്തി ഭീഷണി നേരിടുന്ന പട്ടികജാതി പട്ടികവർഗ്ഗവിഭാഗക്കാരുടെ വായ്പകൾ എഴുതിത്തള്ളുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) | 1977 മുതൽ 1997 വരെയുള്ള ബോർഡിന്റെ വിവിധ ദുർബ്ബല വിഭാഗക്കാർക്കായുള്ള വായ്പാ പദ്ധതിപ്രകാരം കുടിശ്ശികക്കാരായ പട്ടിക ജാതി/പട്ടിക വർഗ്ഗക്കാരുൾപ്പെടെയുള്ള 30400 ഓളം ഗുണഭോക്താക്കളുടെ വായ്പാ ബാദ്ധ്യത 20/05/2009-ലെ (എം.എസ്)21/2009/ഭവനം ഉത്തരവുപ്രകാരം എഴുതിത്തള്ളിയിരുന്നു. ഭവന നിർമ്മാണ ബോർഡ് |

| | |
|---|---|
| എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | വഴി വായ്പ എടുത്ത് സാമ്പത്തിക പ്രയാസവും കുടുംബ സാഹചര്യങ്ങളുംമൂലം കുടിശ്ശികയായി ജപ്തി ഭീഷണി നേരിടുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്കുമാത്രമായി വായ്പാ ബാദ്ധ്യത എഴുതിത്തള്ളുന്നതിനുള്ള ഉത്തരവുകളൊന്നും നിലവിൽ പ്രാബല്യത്തിലില്ല. |

സെക്ഷൻ ഓഫീസർ